പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1436

06.02.2020-ൽ മറുപടിക്ക്

## മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. സി. കമറുദ്ദീൻ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ പ്രവൃത്തി പൂർത്തിയാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്.<br>മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ പദ്ധതിയുടെ ഭരണാനുമതിയിൽ ഉൾപ്പെട്ട പ്രധാന ഘടകങ്ങളായ രണ്ട് പുലിമുട്ടുകൾ, വാർഫ്, ലേലപ്പുര, പാർക്കിംഗ് ഏരിയ, നെറ്റ് മെൻഡിംഗ് ഷെഡ്, കാന്റീൻ, വർക്ക് ഷോപ്പ്, ടോയ്‌ലെറ്റ്, ലോക്കർ റൂം, ഷോപ്പ് ബിൽഡിംഗ്, അപ്രോച്ച് റോഡ്, കോമ്പൗണ്ട് വാൾ, ഗേറ്റ് ഹൗസ്, ജലവിതരണ സംവിധാനത്തിനുള്ള വാട്ടർ ടാങ്ക്, ഇലക്ട്രിഫിക്കേഷൻ & ലൈറ്റിംഗ് മുതലായവ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഇനി പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്നും പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കാമോ? | (ബി) | ജലവിതരണ സംവിധാനത്തിൽ ഇനി സംപിന്റെ പ്രവൃത്തി കൂടി പൂർത്തീകരിക്കാനുണ്ട്. കൂടാതെ വാട്ടർ അതോറിറ്റിയിൽ നിന്നും ശുദ്ധജലവിതരണത്തിനുള്ള കണക്ഷൻ സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഡ്രഡ്ജിംഗ് പ്രവൃത്തി പൂർത്തീകരിച്ചു എങ്കിലും 2018 - ലെ വെള്ളപ്പൊക്കത്തെ തുടർന്ന് ഹാർബർ ബേസിനിൽ മണ്ണ് അടിഞ്ഞതോടുകൂടി ആഴം കുറഞ്ഞതുകൊണ്ട് പദ്ധതിയിലെ സേവിംഗ്സിൽ നിന്നും തുക കണ്ടെത്തി ഡ്രഡ്ജിംഗ് പ്രവൃത്തി നടത്തുന്നതിനുള്ള കരാറിലേർപ്പെട്ടിട്ടുണ്ട്. ഈ പദ്ധതി 2020 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയും |

സെക്ഷൻ ഓഫീസർ